ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ ഓഫീസ് നടപടിക്രമം**
**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ, തിരുവനന്തപുരം**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - സീനിയർ മോസ്റ്റ് ഹെഡ് ക്ലാർക്കിന് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| നമ്പർ: എഎച്ച്ഡി/1806/2020-കെ3 | തീയതി:16/01/2021 |

പരാമർശം: 1) ജി.ഒ.(പി) നമ്പർ 7/16/ഫിൻ തീയതി 20/1/2016.
2) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 22/05/2019 ലെ എഎച്ച്ഡി/1279/2019-ജെ1 നമ്പർ ഉത്തരവ്.
3) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 22.12.2020 - ലെ എഎച്ച്ഡി /4415/2020 - കെ 3 നമ്പർ ഉത്തരവ്

**ഉത്തരവ്**

ഫീഡ് കോമ്പൗണ്ടിംഗ് ഫാക്ടറി , സെൻട്രൽ ഹാച്ചറി ചെങ്ങന്നൂരിലെ ശ്രീ ഷാജി . കെ . ആർ ., ജൂനിയർ സൂപ്രണ്ടിന് 16.10.2020 മുതൽ 31.01.2021 വരെ പരാമർശം 3 പ്രകാരം 108 ദിവസം അർദ്ധവേതന അവധി ലീവ് പ്രിപ്പറേറ്ററി ടു റിട്ടയർമെന്റായിട്ട് അനുവദിച്ചിട്ടുണ്ട്. തുടർന്ന് വകുപ്പിൽ ജൂനിയർ സൂപ്രണ്ടിന്റെ ഒരൊഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് ഹെഡ് ക്ലാർക്ക്മാരുടെ സീനിയോരിറ്റി ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയറായ 1 ഹെഡ് ക്ലാർക്കിന് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്. പരാമർശം (2) പ്രകാരമുള്ള ഹെഡ് ക്ലാർക്കുമാരുടെ 31/01/2019 അടിസ്ഥാനമായുള്ള അന്തിമ മുൻഗണന പട്ടികയിലെ 17 -ാമത് സ്ഥാനക്കാരനായ ശ്രീ . സുരേഷ്കുമാർ . എസ് . ബി (227760), ഐ . സി . ഡി . പി . , കൊട്ടാരക്കര , കൊല്ലത്തിന് വരെ സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. മുൻഗണന പട്ടികയിലെ 18, 19 സ്ഥാനക്കാരുടെ ജനനതീയതി പ്രകാരം വിരമിക്കൽ പ്രായം കഴിഞ്ഞതിനാൽ സ്ഥാനക്കയറ്റത്തിന് പരിഗണിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പിൽ നിലവിലുള്ള 1 ജൂനിയർ സൂപ്രണ്ടിന്റെ ഒഴിവിലേയ്ക്ക് നിലവിലുള്ള ഹെഡ് ക്ലർക്കുമാരുടെ മുൻഗണന പട്ടിക പ്രകാരം ഏറ്റവും സീനിയർ ആയ ശ്രീ സിറിൾ എം (228020), ഹൈടെക്ക് ഡയറി ഫാം, കുരിയോട്ടുമല, കൊല്ലം - നെ (മുൻഗണന പട്ടിക ക്രമ നമ്പർ 20) 1958 ലെ കെ.എസ്.&എസ്.എസ്.ആർ ജനറൽ റൂളിലെ 28 (ബി) (ii) റൂൾപ്രകാരം 30700-800-33900-900-37500-1000-42500-1100-48000-1200-54000-1350-59400-1500-65400 എന്ന ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ശ്രീ. സിറിൾ, എം. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ 2 വർഷ കാലയളവിനുള്ളിൽ ഒരു വർഷത്തെ യോഗ്യസേവനകാലം പ്രൊബേഷനിലായിരിക്കും.

ശ്രീ സിറിൾ എം -ഹെഡ് ക്ലെർക്ക് നെ ബന്ധപ്പെട്ട നിയന്ത്രണോദ്യോഗസ്ഥൻ ഉടനടി വിടുതൽ ചെയ്യേണ്ടതും ടിയാൻ യഥാസമയം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുമ്പാകെ ജോലിയ്ക്ക് ഹാജരാകേണ്ടതുമാണ്.

Digitally signed by DR. K M DILEEP
Date:Sat Jan 16 12:38:32 IST 2021
Reason: Approved

Dr. K M Dileep
**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
1) ജീവനക്കാരന്(നിയന്ത്രണോദ്യോഗസ്ഥൻ മുഖേന).

2) എല്ലാ വകുപ്പ്തല ആഫീസർമാർക്കും.
3) സൂപ്രണ്ട്, ഹൈടെക്ക് ഡയറി ഫാം, കുരിയോട്ടുമല.
4) എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.
5) സി.എ (ഡയറക്ടർ/ അഡി.ഡയറക്ടർ/സീ. അഡ്. ആഫീസർ).
6) അഡ്മിനിസ്ട്രേറ്റീവ് അസ്സിസ്റ്റന്റ് I & II, അക്കൗണ്ട്സ് ആഫീസർ.
7) ഐ.ടി. സെക്ഷൻ – വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് .
8) സൂ.ഫയൽ–K3.